● അഭിമുഖം

**എന്താണ് സാമ്രാജ്യത്വ ശക്തികൾക്കെതിരായ ചെറുത്തുനിൽപ്പ് എന്നതിനെക്കുറിച്ച് രാഷ്ട്രീയ കക്ഷികൾക്ക് വ്യക്തമായ ധാരണയില്ല. പകരം ഞങ്ങൾ സമരരംഗത്തുണ്ടെന്ന് ഭാവിക്കുകയും, ഫലപ്രദമായ രീതിയിൽ ഇടപെടാതെ മാറിനിൽക്കുകയും പല രാഷ്ട്രീയകളികൾ നടത്തുകയും ചെയ്യുന്നു.**

**പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി ചെയർപേഴ്സൺ കേരളീയത്തോട് സംസാരിക്കുന്നു.**

# രാഷ്ട്രീയ ബോധത്തിന്റെ പോരായ്മകൾ പരിഹരിക്കപ്പെടണം


എൻ.പി.ജോൺസൺ/കേരളീയം

**പൊതുസമൂഹത്തിന്റെയും, രാഷ്ട്രീയ പാർട്ടികളുടെയും വിപുലമായ പിന്തുണയുണ്ടായിരുന്നിട്ടും, പ്ലാച്ചിമട സമരം ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ആറുവർഷം കഴിഞ്ഞും കഴിയാത്ത സാഹചര്യത്തെ എങ്ങിനെയാണ് വിലയിരുത്തുന്നത്?**

പൊതുസമൂഹത്തിന്റെയും, രാഷ്ട്രീയപാർട്ടികളുടെയും ഭാഗികമായ പിന്തുണ മാത്രമായിരുന്ന സമരത്തിന് ലഭിച്ചിരുന്നത്. പ്ലാച്ചിമട പ്രശ്നത്തെ സൂക്ഷ്മമായി മനസിലാക്കുന്ന രാഷ്ട്രീയ നിലപാട് ഒരു കാലത്തും രാഷ്ട്രീയ കക്ഷികൾ എടുത്തിരുന്നില്ല. അതുകൊണ്ടു തന്നെ സമരം വിജയം കാണണമെന്ന് അവർക്ക് നിർബന്ധമില്ല. പ്ലാച്ചിമട പ്രശ്നത്തെ വ്യക്തമായ രീതിയിൽ പൊതുസമൂഹത്തിൽ മുന്നിൽ അവതരിപ്പിക്കാത്തതുകൊണ്ടല്ല അങ്ങിനെ സംഭവിച്ചത്. പ്ലാച്ചിമട പ്രശ്നത്തെ സാമാന്യം ശരിയായ രീതിയിൽ എക്കാലവും അവതരിപ്പിച്ചിട്ടുണ്ട്. ഗൗരവമായ രീതിയിൽ സാമൂഹ്യ ഇടപെടൽ നടത്തുന്നവർ അത് തിരിച്ചറിഞ്ഞിട്ടുണ്ട്. മൂലധനവ്യവസ്ഥയോടും, വികസനത്തോടുമുള്ള കേരളീയ സമൂഹത്തിന്റെ പൊതുനിലപാടാണ് പ്ലാച്ചിമടപ്രശ്നത്തെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുന്നതിൽ നിന്നും സമൂഹത്തെ പിന്നോട്ട് കൊണ്ടുപോയത്.

**പരിഹാരം കാണാതെ നീണ്ടുപോയത് സമരത്തിന് പലതരത്തിലും ക്ഷീണമുണ്ടാക്കുകയും പ്രധാനപ്രശ്നങ്ങളിൽ നിന്നും സമരം വഴിതിരിഞ്ഞ് പോകുവാൻ കാരണമാവുകയും ചെയ്തിട്ടുണ്ടല്ലോ? സമരം തിരികെ കൊണ്ടുവരുന്നതിനും ശരിപ്പെടുത്തുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യാനുള്ളത്?**

സമരം പരിഹാരം കാണാതെ നീണ്ടുപോയതിന് നിരവധി കാരണങ്ങളുണ്ട്. ഇടതുപാർട്ടികൾ പ്രതിപക്ഷത്തായിരുന്നപ്പോൾ സമരത്തിന് നൽകിയ പിന്തുണ ആത്മാർത്ഥതയുള്ളതായിരുന്നില്ല എന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്. അന്നും വ്യക്തമായ ധാരണകളില്ലാതെയാണ് അവർ സമരം ചെയ്തിരുന്നത്. അവരുടെ സാമ്രാജ്യത്വ വിരുദ്ധതയ്ക്ക് പോലും ആശയപരമായ അവ്യക്തതയുണ്ടായിരുന്നു. പ്ലാച്ചിമടയിലെ ജനങ്ങളുമായി പൊതുസമൂഹത്തിന് സംവദിക്കുന്നതിനുള്ള പ്രയാസം സമരത്തിനെ ബാധിച്ചിട്ടുണ്ട്. അതുപോലെ പ്ലാച്ചിമടയുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയും സമരത്തെ ബാധിച്ചു. പ്ലാച്ചിമട സമരം പോലെയുള്ള സമരം വിജയം കണ്ടെത്തുന്നതിനാവശ്യമായ രാഷ്ട്രീയ പരിശീലനം അവർക്കില്ല. നിലനിൽക്കുന്ന രാഷ്ട്രീയ സംവിധാനത്തിൽ തങ്ങളുടെ പങ്കെന്താണെന്നും അവർക്കറിയില്ല. ഇത്തരമൊരവസ്ഥയിൽ സമരം ചെയ്യുമ്പോൾ രണ്ട് കാര്യങ്ങളാണ് ജനതയെ ബാധിക്കു



ന്നത്. ഒന്ന് സമരത്തിലൂടെ അവർ നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥയുടെ ഭാഗമായി മാറുന്നു. രണ്ട് അതേ രാഷ്ട്രീയ വ്യവസ്ഥതന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണെന്ന തിരിച്ചറിവുണ്ടാകുന്നു. ഈ വൈരുദ്ധ്യങ്ങളെ കൂട്ടിച്ചേർത്തുകൊണ്ടാണ് സമരം വളർന്നു വരേണ്ടത്. വിഭവങ്ങളുടെ പരിമിതിയല്ല സമരം നേരിടുന്ന പ്രശ്നം. ഇത്തരമൊരു രാഷ്ട്രീയപരമായ തിരിച്ചറിവില്ലാത്തതാണ്. പ്രാദേശിക ജനതയ്ക്ക് മാത്രമല്ല കേരളത്തിലെ മിക്കവാറും ജനകീയ പ്രസ്ഥാനങ്ങളും പ്രവർത്തകരുമെല്ലാം നിലനിൽക്കുന്ന രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ അറിവില്ലാതെയാണ് സമരം ചെയ്യുന്നത് എന്ന് എനിക്ക് സംശയമുണ്ട്.

**പ്ലാച്ചിമട സമരത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് ആവശ്യകത സമര / ഐക്യദാർഢ്യ സമിതി പ്രവർത്തകർക്കിടയിലും പൊതുസമൂഹത്തിലും വ്യാപിക്കുകയും പ്രശ്നങ്ങൾ പ്രതീകാത്മകമായി മാത്രം പരിഗണിക്കപ്പെട്ടാൽ മതിയെന്ന രീതിയിലേക്ക് സമരം ചുരുങ്ങിപ്പോവുകയും ചെയ്തിട്ടുണ്ടോ? സമരം ഉന്നയിച്ച ആവശ്യങ്ങളെക്കുറിച്ചുള്ള വ്യക്തത എപ്രകാരമാണ് വീണ്ടും നൽകാൻ കഴിയുന്നത്?**

പ്ലാച്ചിമടയിലെ ജനങ്ങൾ അനുഭവിച്ച പ്രശ്നത്തെക്കുറിച്ചുള്ള വ്യക്തമായ അറിവില്ലായ്മയാണ് ഇത്തരമൊരു അവ്യക്തതയ്ക്ക് കാരണം. കോള ചെയ്യുന്നത് വേഗത്തിൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല എന്നൊരു ധാരണ സമരത്തെ പിന്തുണയ്ക്കുന്നവർക്കിടയിലുണ്ട്. കമ്പനി പ്രവർത്തനം നിർത്തിയാൽ പ്രശ്നങ്ങൾ തീർന്നുവെന്നാണ് പലരും കരുതുന്നത്. ഒരു ബഹുരാഷ്ട്ര കുത്തക കമ്പനി അടച്ചുപൂട്ടുക എന്നത് ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തിൽ പ്രയാസമായതിനാൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ കൂടിയേ തീരൂ. സമരം ഉന്നയിച്ച നാല് ആവശ്യങ്ങൾ അത്തരമൊരു പ്രതിരോധം സാദ്ധ്യമാക്കുന്ന തരത്തിലുള്ളതാണ്. ആദ്യത്തെ രണ്ട് ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ഇന്ന് നിലനിൽക്കുന്ന മലിനീകരണ നിയന്ത്രണ നിയമങ്ങളിൽ മാറ്റമുണ്ടാകണം എന്നതിനാലാണ് സമരത്തിന്റെ ആവശ്യങ്ങൾ അതും ഉന്നയിക്കപ്പെട്ടത്. പ്ലാച്ചിമടയിൽ പെരുമാട്ടി പഞ്ചായത്തിനും, പെപ്സിയുടെ കാര്യത്തിൽ പുതുശ്ശേരി പഞ്ചായത്തിനും കോടതിയുടെ ഭാഗത്തുനിന്നും നീതി നഷ്ടമായ സാഹചര്യത്തിൽ പഞ്ചായത്തുകളുടെ അധികാരം തിരിച്ചുപിടിക്കുക എന്നതും സമരത്തിന്റെ ആവശ്യമാണ്. നിയമവ്യവഹാരത്തിൽ കുരുങ്ങിക്കിടക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കുന്ന രീതിയിൽ നിലവിലുള്ള നിയമങ്ങളിൽ മാറ്റമുണ്ടാക്കിക്കൊണ്ട് കോള / പെപ്സി കമ്പനികൾ ശിക്ഷിക്കപ്പെടണം. അതുകൊണ്ട് പ്ലാച്ചിമട സമരം ഉന്നയിച്ച് നാല് ആവശ്യങ്ങളും പരസ്പരം ബന്ധപ്പെട്ടവയാണ്. കൊക്കക്കോളയെ ശിക്ഷിക്കുന്നതിനും മേലിൽ ഇത്തരം കമ്പനികൾക്ക് വന്ന് കടന്നാക്രമണങ്ങൾ നടത്താതിരിക്കണമെങ്കിൽ ഈ നാല് ആവശ്യങ്ങളും നേടിയെടുക്കേണ്ടതുണ്ട്.

**പ്ലാച്ചിമട ഐക്യദാർഢ്യ സമിതിക്ക് മേൽ രാഷ്ട്രീയപാർട്ടിക്കുള്ള സ്വാധീനവും, ഇടപെടലുകളും പ്ലാച്ചിമട സമരത്തെ എതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ?**

ഉപരിപ്ലവമായ കോളനിരോധനം പോലെയുള്ള പരിപാടികൾ നടത്താനാണ് രാഷ്ട്രീയപാർട്ടികൾക്ക് പലപ്പോഴും താൽപ്പര്യം. കൊക്കക്കോള കമ്പനിയ്ക്കെതിരെ നടപടിയെടുക്കുക എന്നത് അവരുടെ മുഖ്യവിഷയമല്ല. ഈ നിലപാട് സമരത്തെ ബാധിച്ചിട്ടുണ്ട്. പ്ലാച്ചിമട പ്രശ്നത്തിൽ രാഷ്ട്രീയമായ പരിഹാരം തേടിയാൽ അത് തങ്ങളുടെ ഇപ്പോഴത്തെ താൽപ്പര്യങ്ങൾക്കും നിലപാടുകൾക്കും എതിരാകുമെന്ന് അവർക്കറിയാം. മൂലധനതാത്പ്പര്യങ്ങളുടെ സംരക്ഷകരാണല്ലോ ഇപ്പോൾ അവരെല്ലാം. ഇത് രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകരുടെ മുഴുവൻ തീരുമാനമാകണമെന്നില്ല. രാഷ്ട്രീയ സംവിധാനങ്ങളുടെ തലപ്പത്തിരിക്കുന്ന നേതാക്കൻമാർ കമ്പനിയുടെ സമ്മർദ്ദത്തിന് വഴങ്ങുന്നു. ഒരു കുത്തക കമ്പനി എപ്രകാരമാണ് നമ്മുടെ ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നതെന്നും, അത് തടയുന്നതിനുള്ള നിയമവ്യവസ്ഥകളിലെ അപര്യാപ്തതകളെക്കുറിച്ചും രാഷ്ട്രീയക്കാർക്ക് വ്യക്തമായ ബോധമില്ല. ശരിയായ രാഷ്ട്രീയ വിദ്യാഭ്യാസമില്ലാത്തതിന്റെ പോരായ്മയാണിത്. ഉദാഹരണത്തിന് എന്താണ് സാമ്രാജ്യത്വ ശക്തികൾക്കെതിരായ ചെറുത്തുനിൽപ്പ് എന്നതിനെക്കുറിച്ച് രാഷ്ട്രീയ കക്ഷികൾക്ക് വ്യക്തമായ ധാരണയില്ല. പകരം ഞങ്ങൾ സമരരംഗത്തുണ്ടെന്ന് ഭാവിക്കുകയും, ഫലപ്രദമായ രീതിയിൽ ഇടപെടാതെ മാറിനിൽക്കുകയും പല രാഷ്ട്രീയകളികൾ നടത്തുകയും ചെയ്യുന്നു.

**വ്യക്തമായ ധാരണയും ആത്മാർത്ഥതയുമില്ലാതെ രാഷ്ട്രീയപാർട്ടികൾ സമരത്തിൽ ഇടപെടുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെ എങ്ങിനെയാണ് ചെറുക്കാൻ കഴിയുന്നത്?**

പൊതുസമൂഹത്തിന്റെ രാഷ്ട്രീയ ബോധത്തിന്റെ പോരായ്മയാണ്

ഇത്തരം സമീപനങ്ങൾക്ക് കാരണം. നിരന്തരമായ ശ്രമങ്ങളിലൂടെ മാത്രമെ അത് പരിഹരിക്കാൻ കഴിയുകയുള്ളൂ. നീതിയുടെ പക്ഷത്ത് നിന്നുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത സമരങ്ങൾ നടത്തിയാൽ മാത്രമാണ് ഇത്തരം ആത്മാർത്ഥതയില്ലാത്ത ഇടപെടലുകളെ ചെറുക്കാൻ കഴിയുന്നത്. പ്ലാച്ചിമട സമരത്തിന് ഏറെക്കുറെ അതിന് കഴിഞ്ഞിട്ടുണ്ട്. നിലനിൽക്കുന്ന നിയമവ്യവസ്ഥയിലെ നിരവധി പോരായ്മകളും കോർപ്പറേറ്റ് ചൂഷണത്തിന്റെ തന്ത്രങ്ങളുമെല്ലാം പ്ലാച്ചിമട സമരം പുറത്തുകൊണ്ടുവന്നു. സമരം വലിയ ചെറുത്തുനിൽപ്പായി മാറിയതിന്റെ തെളിവുകളാണിതെല്ലാം.

**നവസാമൂഹിക പ്രസ്ഥാനങ്ങളുടെയും ജനകീയ സമരങ്ങളുടെയും ഒരു കൂട്ടായ്മ എന്ന നിലയിൽ പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതിക്ക് കൊക്കക്കോള കമ്പനിയുണ്ടാക്കിയ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ പൊതുസമൂഹത്തിൽ എന്തെല്ലാം ഇടപെടുകളാണ് നടത്താൻ കഴിയുന്നത്?**

പൊതുസമൂഹത്തിൽ ഇടപെടൽ നടത്താൻ കഴിയണമെങ്കിൽ ഇന്ന് നിലനിൽക്കുന്ന വികസന കാഴ്ചപ്പാടുകളെയും, അതിന്റെ ഭാഗമായ സാമൂഹിക വ്യവസ്ഥകളെയും പൊളിച്ചെഴുതാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തണം. എല്ലാ മനുഷ്യരുടെയും വികസനത്തിലധിഷ്ഠിതമായ ഒരു പ്രായോഗിക വികസന കാഴ്ചപ്പാടുണ്ടാക്കാൻ കഴിയണം. മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ കോള പോലെയുള്ള പാനീയങ്ങളെ പ്രതിരോധിക്കുകയും ഇത്തരം പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ വ്യാപിപ്പിക്കുകയും ചെയ്യുക. ജനങ്ങളുടെ സമ്പത്ത് കൊള്ളയടിക്കുന്ന ഇത്തരം പാനീയങ്ങൾക്കെതിരെ പ്രാദേശിക പാനീയങ്ങളുടെ ഉപയോഗം സാംസ്കാരിക പ്രതിരോധമെന്ന രീതിയിൽ വളർത്തിക്കൊണ്ടുവരിക. പ്രാദേശിക ജലസമ്പത്തുക്കളുടെ ഉപയോഗവും, നിയന്ത്രണവും പ്രാദേശിക ഭരണ സംവിധാനത്തിന്റെ പരിധിയിലാക്കാൻ കഴിയണം. നമ്മുടെ കാർഷിക സംസ്കൃതിയുമായി ബന്ധമുള്ള വ്യാവസായിക വികസന കാഴ്ചപ്പാട് കേരളത്തിനില്ല. തദ്ദേശിയരായ മനുഷ്യരുടെ ജീവിത ഭദ്രത ഉറപ്പുവരുത്തുന്ന വികസന കാഴ്ചപ്പാടിന് പകരം കൂടുതൽ പരാശ്രിത്മായ, കേന്ദ്രീകൃത രാഷ്ട്രീയ സംവിധാനത്തിന്റെ ഭാഗമായ വികസന കാഴ്ചപ്പാടിലേക്കാണ് കേരളവും പോകുന്നത്. ഇത് തിരിച്ചറിയുകയും എതിർക്കപ്പെടുകയും ചെയ്യേണ്ടതാണ്.

**അധിനിവേശത്തിനെതിരെ അതിജീവനത്തിന്റെ കരുത്ത് എന്ന മുദ്രാവാക്യവും, പ്ലാച്ചിമട സമരവും?**

മൂലധന ശക്തികൾ മനുഷ്യജീവിതങ്ങളെ പ്രത്യേകരീതിയിൽ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സംരക്ഷണ നിയമങ്ങളെ കാറ്റിൽ പറത്തി തങ്ങൾക്ക് എവിടെയും മൂലധനം നിക്ഷേപിക്കാമെന്നും ഏത് വിധേനയും ലാഭമുണ്ടാക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടെന്നുമാണ് അവരുടെ നിലപാട്. നാടിന്റെ വികസനത്തിന് ഇതൊന്നും ഒഴിക്കാനാവാത്തതാണെന്ന മിഥ്യാധാരണ സൃഷ്ടിച്ചുകൊണ്ടാണ് അവർ ഇതെല്ലാം നടത്തുന്നത്. സ്വാഭാവികമായും അതിന്റെ തിരിച്ചടികൾ നേരിടുന്ന ജനങ്ങൾ സംഘടിക്കണം. സ്ഥാപനങ്ങളും, രാഷ്ട്രീയപാർട്ടികളുമെല്ലാം ഈ വികസന കാഴ്ചപ്പാടിന്റെ സേവകരാവുമ്പോൾ ജനകീയസമരങ്ങൾക്ക് മാത്രമേ അത് ചെറുത്ത് തോൽപ്പിക്കാൻ കഴിയൂ. ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും കോള കമ്പനിയുടെ പ്രവർത്തനം നിർത്തി വയ്ക്കാനുള്ള തീരുമാനത്തിലേക്ക് കാര്യങ്ങളെ എത്തിച്ചത് പ്ലാച്ചിമടയിലെ ജനകീയ ചെറുത്തുനിൽപ്പാണ്. അതിന്റെ ശക്തികൊണ്ടാണ് രാഷ്ട്രീയക്കാർ പോലും പ്ലാച്ചിമട സമരത്തെ പിൻതാങ്ങിയത്. കോള കമ്പനിയെ കുറ്റവിചാരണ ചെയ്തത് ശിക്ഷിക്കുന്നതിന് വേണ്ട കരുത്തിലേക്ക് പ്ലാച്ചിമട സമരം വളരണം. എന്നാൽ മാത്രമേ അത് മൂലധന ശക്തികൾക്ക് കീഴ്പ്പെടുന്ന രാഷ്ട്രീയ സംവിധാനങ്ങൾക്കെതിരെയുള്ള ജനാധികാര രാഷ്ട്രീയപോരാട്ടവിജയമായി മാറുകയുള്ളൂ.

*ഹരിതമൈത്രി, ആദംബസാർ, അങ്കമാലി*

# പ്ലാച്ചിമട പ്രശ്നം – പ്രതിവിധികൾ

സി.ആർ.ബിജോയ്

**പ്ലാച്ചിമടയിലെ** ഏറെ പ്രധാനവും അടിസ്ഥാനപരവുമായ പ്രശ്നം ഭൂഗർഭ ജലത്തിന്റെ യഥാർത്ഥ അവകാശി ആരെന്നതാണ്? പ്ലാച്ചിമടയിലെ സാധാരണ ജനങ്ങൾക്ക് സ്ഥലത്തെ ഭൂഗർഭജലത്തിന്റെ ഉടമസ്ഥാവകാശം ഇല്ലെങ്കിൽ അവർക്ക് അക്കാര്യത്തിൽ പ്രസ്തുത അധികാരം നിക്ഷിപ്ത സംസ്ഥാന ഭരണകൂടത്തിനോട് പരാതിപ്പെടാനേ കഴിയുകയുള്ളൂ. ഗ്രാമപഞ്ചായത്തിന് ലൈസൻസ് നൽകാനുള്ള കേവല അധികാരമുണ്ടെങ്കിലും ജലത്തിന്റെ അവകാശവുമായി ബന്ധപ്പെട്ട നിയമങ്ങൾ പഞ്ചായത്ത് രാജ് ആക്ടിൽ പുനർനിർവചിക്കുകയും പൊളിച്ചെഴുതുകയും ചെയ്യേണ്ടതുണ്ട്. ഭൂഗർഭജലത്തിന്റെ ഉടമസ്ഥതയിലും വിനിയോഗത്തിലും തദ്ദേശീയരുടെ അവകാശവും നിയന്ത്രണവും ഉറപ്പാക്കാൻ കഴിയണം.

ഭരണകൂടത്തിനും മൂലധനത്തിനെതിരെ പ്രവർത്തിക്കാനുള്ള തന്റേടം നഷ്ടമായിരിക്കുന്നുവെന്ന് ഈ പോരാട്ടം സ്ഥിരീകരിക്കുന്നു. രാഷ്ട്രീയ, ഉദ്യോഗസ്ഥ, ജുഡീഷ്യൽ മണ്ഡലങ്ങളിൽ പ്രതികരണങ്ങൾ സൃഷ്ടിക്കാൻ ജനവികാരം പര്യാപ്തമാകുന്നില്ല. ഇത്തരം പോരാട്ടങ്ങൾ പ്രശ്നങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കുകയും പരിഹാരതന്ത്രം മെനഞ്ഞെടുക്കുകയും കൂടിചെയ്യേണ്ടതാണ്. ആഗോളവൽക്കരണത്തിന്റെ ഇക്കാലഘട്ടത്തിൽ പഴയ രീതിയിലുള്ള പോരാട്ടങ്ങളും പ്രതിഷേധപ്രകടനങ്ങളും തുടർന്നാൽപോരാ. കമ്പോളധിഷ്ഠിതമായ ഭരണസംവിധാനത്തിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള പ്രതിവിധികൾ നിർദ്ദേശിക്കേണ്ടതായുണ്ട്. ഭൂഗർഭജല നിയന്ത്രണവും

പരിസ്ഥിതി സംരക്ഷണവും സർക്കാർ ഏജൻസികളിൽനിന്നും മാറ്റി പരിപൂർണമായി ജനങ്ങളുടെ (Community) അവകാശമാക്കുകയും ഇതിനായി നേരിട്ട് ഗ്രാമസഭകളെ അധികാരപ്പെടുത്തുന്ന രീതിയിലുള്ള മാറ്റങ്ങൾ പഞ്ചായത്ത് രാജ് ആക്ടിൽ വരുത്താൻ സാധിക്കേണ്ടതുമാണ്.

*കേരളീയത്തിൽ മുമ്പെഴുതിയ കുറിപ്പുകളിൽനിന്നും സമാഹരിച്ചത്.*